ഭരണഭാഷ – മാതൃഭാഷ

ഹാർബർ എൻജിനീയറിംഗ് വകുപ്പ് ചീഫ് എൻജിനീയറുടെ പൂർണ്ണ അധിക ചുമതലയുള്ള ഡെപ്യൂട്ടി ചീഫ് എഞ്ചിനീയറുടെ നടപടിക്രമം.
(ഹാജർ : ശ്രീ. ബി.റ്റി.വി കൃഷ്ണൻ, ബി.ടെക്)

**ഉത്തരവ് : നമ്പർ ബി2/119/2020/എച്ച്ഇസിഇ തീയതി : 03/06/2020**

വിഷയം :- ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് – ജീവനക്കാര്യം – പൊതു സ്ഥലംമാറ്റം 2020-അസിസ്റ്റന്റ് എഞ്ചിനീയർ (സിവിൽ) സ്ഥലംമാറ്റം നടപ്പാക്കി ഉത്തരവാകുന്നു.

പരാമർശം :- 1. ശ്രീ. കെ.ജി. ഹരികുമാറിന്റെ അപേക്ഷ.

ഈ വകുപ്പിൽ 2020 വർഷത്തേയ്ക്ക് അസിസ്റ്റന്റ് എഞ്ചിനീയർ (സിവിൽ) തസ്തികയിൽ ലഭ്യമായ അപേക്ഷയുടേയും പൊതു താല്പര്യത്തിന്റെയും അടിസ്ഥാനത്തിൽ ചുവടെ ചേർക്കുന്ന സ്ഥലംമാറ്റ ഉത്തരവുകൾ അടിയന്തര പ്രാബല്യത്തോടുകൂടി നടപ്പിലാക്കുന്നു.

1. കൊല്ലം ഇൻവെസ്റ്റിഗേഷൻ സബ്ഡിവിഷൻ കാര്യാലയത്തിലെ അസിസ്റ്റന്റ് എഞ്ചിനീയർ ശ്രീ. കെ.ജി. ഹരികുമാറിനെ ടിയാന്റെ പരാമർശത്തിലെ അപേക്ഷ പ്രകാരം മുതലപ്പൊഴി സബ്ഡിവിഷൻ കാര്യാലയത്തിൽ അസിസ്റ്റന്റ് എഞ്ചിനീയർ ശ്രീ. ബിനോ ആൽബർട്ടിനെ സ്ഥലംമാറ്റുന്ന ഒഴിവിൽ സ്ഥലംമാറ്റി നിയമിച്ച് ഉത്തരവാകുന്നു.

2. ബേപ്പൂർ ഇൻവെസ്റ്റിഗേഷൻ സബ്ഡിവിഷൻ കാര്യാലയത്തിലെ അസിസ്റ്റന്റ് എഞ്ചിനീയർ ശ്രീ. വൈശാഖ് പത്മകുമാറിനെ പൊതുതാത്പര്യപ്രകാരം തലായ് സബ്ഡിവിഷൻ കാര്യാലയത്തിൽ നിലവിലുള്ള വിരമിക്കൽ ഒഴിവിൽ സ്ഥലംമാറ്റി നിയമിച്ച് ഉത്തരവാകുന്നു.

3. ഹാർബർ എഞ്ചിനീയറിംഗ് ബേപ്പൂർ കൺസ്ട്രക്ഷൻ സബ് ഡിവിഷൻ കാര്യാലയത്തിലെ അസിസ്റ്റന്റ് എഞ്ചിനീയറായ ശ്രീമതി. രമ്യ കെ.സി. യെ പൊതു താല്പര്യ പ്രകാരം ചേറ്റുവ സബ്ഡിവിഷൻ കാര്യാലയത്തിൽ ശ്രീ വി.പി. ജോൺസൺ വിരമിക്കൽ പ്രാരംഭ അവധിയിൽ പ്രവേശിച്ച ഒഴിവിൽ സ്ഥലംമാറ്റി നിയമിച്ച് ഉത്തരവാകുന്നു.

15/vi

4. മുതലപ്പൊഴി സബ്ഡിവിഷൻ കാര്യാലയത്തിലെ അസിസ്റ്റന്റ് എഞ്ചിനീയറായ ശ്രീ. ബിനോ ആൽബർട്ടിനെ പൊതു താല്പര്യ പ്രകാരം കൊല്ലം ഇൻവെസ്റ്റിഗേഷൻ സബ്ഡിവിഷൻ കാര്യാലയത്തിൽ ശ്രീ കെ.ജി. ഹരികുമാറിനെ സ്ഥലംമാറ്റിയ ഒഴിവിൽ നിയമിച്ച് ഉത്തരവാകുന്നു.

ഒപ്പ്

ചീഫ് എൻജിനീയറുടെ പൂർണ്ണ
അധിക ചുമതലയുള്ള ഡെപ്യൂട്ടി
ചീഫ് എഞ്ചിനീയർ

സ്വീകർത്താവ്

വ്യക്തികൾക്ക് (ഓഫീസ് മേധാവി മുഖേന)

പകർപ്പ്:-1. സൂപ്രണ്ടിംഗ് എഞ്ചിനീയർ, ദക്ഷിണ മേഖല/ഉത്തരമേഖല
2. എക്സിക്യൂട്ടീവ് എൻജിനീയർ, തിരുവനന്തപുരം/കൊല്ലം
3. അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എൻജിനീയർ, മുതലപ്പൊഴി/ഇൻവെസ്റ്റിഗേഷൻ സബ്ഡിവിഷൻ കൊല്ലം/ചേറ്റുവ

ഉത്തരവിൻപ്രകാരം,

അഡ്മിനിസ്ട്രേറ്റീവ് അസിസ്റ്റന്റിന്റെ പൂർണ്ണ
അധിക ചുമതലയുള്ള സീനിയർ സൂപ്രണ്ട്

15/vi